# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട

(ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

## 90-ാം വാർഷിക പൊതുയോഗം നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്.എൻ.ബി.എസ്. സമാജത്തിന്റെ 90 -ാം വാർഷിക പൊതുയോഗം 2018 ജൂലൈ 15-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ മിനി ഹാളിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിശ്വംഭരൻ മുക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടികളനുസരിച്ച് നടത്തുവാൻ നിശ്ച യിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട
11.07.2018

(ഒപ്പ്)

**സി.വി. രാമാനന്ദൻ ചെറാക്കുളം**

(സെക്രട്ടറി)

ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | **ശ്രീ. എം.കെ. വിശ്വംഭരൻ** | പ്രസിഡണ്ട് |
| 2. | **ശ്രീ. പ്രവികുമാർ ചെറാക്കുളം** | വൈസ്പ്രസിഡണ്ട് |
| 3. | **ശ്രീ. രാമാനന്ദൻ ചെറാക്കുളം** | സെക്രട്ടറി |
| 4. | **ശ്രീ. സിബിൻ കൂനാക്കംപിള്ളി** | ജോ. സെക്രട്ടറി |
| 5. | **ശ്രീ. ഗോപി മണമാടത്തിൽ** | ട്രഷറർ |
| 6. | **ശ്രീ. സജീവ് എലിഞ്ഞിക്കോടൻ** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. പ്രകാശൻ കുരുമ്പംകണ്ടത്ത്** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. പ്രദീപ് എളന്തോളി** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. പ്രദീപ് ചോളിപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. ജ്യോതിലാൽ എളന്തോളി** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. സത്യൻ തറയിൽ** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. കുമാരൻ പൊതുമ്പുചിറക്കൽ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. സുരേഷ് തുമ്പരത്തി** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. വിജു കൊറ്റിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ** | കമ്മിറ്റി മെമ്പർ |

ഇന്റേണൽ ഓഡിറ്റേഴ്സ്

**ശ്രീ. ടി.ജി. ഹരി & ചന്ദ്രൻ കെ.കെ.**

ലീഗൽ അഡ്വൈസർ

**അഡ്വ. എൻ.കെ. പ്രമോദ്**

ഓഡിറ്റർ

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട**

# 2018 ജൂലായ് മാസം 15-ാം തിയ്യതിയിലെ വാർഷിക പൊതുയോഗത്തിന്റെ കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2017 ജൂലായ് 9-ാംതിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക.
8. 2017-18 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക.
9. 2018-19 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസാക്കുക
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2018-19 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. ഉപസംഹാരം
14. കൃതജ്ഞത

NB

1. ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.
2. പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും ജൂലായ് 5-ാം തിയ്യതി ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ട താകുന്നു.
3. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർ ഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽ നൽകാവുന്നതാണ്.
4. തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോമെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (Regd.)
# 2017 – 18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

മാന്യമെമ്പർമാരേ,

സമാജത്തിന്റെ 2017 - 18 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് പൊതു യോഗത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ,

സമാജത്തിന്റെ 89 - ാമത് വാർഷിക പൊതുയോഗം 2017 ജൂലൈ 9 - ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് ശ്രീ. കൃഷ്ണകുമാർ വള്ളൂപറമ്പിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുക യുണ്ടായി. സമാജം മേൽശാന്തി മണിശാന്തിയുടെ ഗുരുദേവ പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭി ച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖ പ്പെടുത്തി. തുടർന്ന് സമാജം സെക്രട്ടറി എം.കെ. വിശ്വംഭരൻ മുക്കുളം യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി മുൻ വർഷത്തെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കി. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടെ കൂട്ടായ്മയോടും സഹകരണത്തോടും കൂടിയാണ് വാർഷിക പൊതുയോഗം നടന്നത്. പൊതുയോഗത്തിൽ നിന്ന് 2017 - 18 വർഷത്തെ ഇന്റേണൽ ഓഡിറ്റർമാരായി ശ്രീ. ടി.ജി. ഹരി, ശ്രീ.കെ.കെ. ചന്ദ്രൻ എന്നിവരെയും M/S ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ്അക്കൗണ്ടൻസ് ഇരിങ്ങാല ക്കുട ഓഡിറ്ററായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

## തിരഞ്ഞെടുപ്പ്

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജത്തിന്റെ 2017 - 18, 2018 - 19 വർഷ ങ്ങളിലെ ഭരണകമ്മിറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പ് സമാജം നിയമാവലി 9 - ാം വകുപ്പ് പ്രകാരമുള്ള ചട്ട ങ്ങൾ അനുസരിച്ച് അഡ്വ. സാബുരാജ്, ചുള്ളിക്കാട്ടിൽ ഹൗസ്, ഇരിങ്ങാലക്കുട എന്നിവരെ റിട്ടേണിങ്ങ് ഓഫീസറായി സമാജം നിയമിച്ചു. എന്നാൽ ഇടയ്ക്കു വെച്ച് അദ്ദേഹം ചില വ്യക്തിപരമായ കാരണങ്ങ ളാൽ തൽസ്ഥാനം രാജി വെയ്ക്കുകയും തുടർന്ന് റിട്ടേണിങ്ങ് ഓഫീസറായി അഡ്വ. എ.എം. പ്രകാശൻ അവർകളെ സമാജം നിശ്ചയിച്ചു. ജൂലൈ 9 - ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മുതൽ ഉച്ചക്ക് 1 മണി വരെ സമാജം മിനി ഹാളിൽ വെച്ച് രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടത്തി അന്നു തന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതാണെന്ന് റിട്ടേണിങ്ങ് ഓഫീസർ പ്രഖ്യാപിക്കുകയും ചെയ്തു. അതനുസരിച്ച് സ്ഥാനാർത്ഥികൾ നോമിനേഷൻ സമർപ്പിച്ചു. പിൻവലിക്കേണ്ട തിയ്യതിക്കുശേഷം മത്സരം അനിവാര്യമായി. ഇരിങ്ങാലക്കുട മുൻസിഫ് കോടതി നിയോഗിച്ച നിരീക്ഷകന്റെ സാന്നിധ്യത്തിൽ വെച്ച് ജൂലൈ 9 - ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മുതൽ ഉച്ചക്ക് 1 മണിവരെ സമാജം മിനി ഹാളിൽ രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടന്നു. ആകെ 1264 വോട്ട് പോൾ ചെയ്തു. പുല്ലൂർ, ടൗൺ, കോമ്പാറ, തുറവൻകാട് എന്നീ പ്രാദേശിക വിഭാഗങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടന്നു. പുല്ലൂർ പ്രാദേശിക വിഭാഗത്തിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കുമാരൻ പൊതുമ്പുചിറക്കൽ, സുരേഷ് ബാബു കെ.കെ., കല്ലിങ്ങപ്പുറം എന്നിവർ തമ്മിലായിരുന്നു മത്സരം. കുമാരൻ പൊതുമ്പിചിറക്കലിന് 645 വോട്ടും സുരേഷ് ബാബു കെ.കെ. കല്ലിങ്ങപ്പുറത്തിന് 498 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച കുമാരൻ പൊതുമ്പുചി റക്കൽ തിരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിങ്ങ് ഓഫീസർ പ്രഖ്യാപിച്ചു.

ടൗൺ പ്രാദേശിക വിഭാഗങ്ങളിലേക്ക് പ്രവികുമാർ ചെറാക്കുളം, വിജയൻ ഇ.ആർ. എളയേടത്ത് എന്നിവർ തമ്മിലായിരുന്നു മത്സരം. പ്രവികുമാർ ചെറാക്കുളത്തിന് 731 വോട്ടും, വിജയൻ ഇ.ആർ. എളയേടത്തിന് 426 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച പ്രവികുമാർ ചെറാക്കുളം തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

കോമ്പാറ പ്രാദേശിക വിഭാഗത്തിലേക്ക് ഗോപി മണമാടത്തിൽ, വിശ്വനാഥൻ കെ.ഡി. കരവട്ട് എന്നിവർ തമ്മിലായിരുന്നു മത്സരം. ഗോപി മണമാടത്തിൽ 685 വോട്ടും വിശ്വനാഥൻ കെ.ഡി. കരവട്ടിന് 452 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച ഗോപി മണമാടത്തിൽ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

തുറവൻകാട് പ്രാദേശിക വിഭാഗത്തിലേക്ക് ബിജു എം.ബി. മുണ്ടോലി, സുരേഷ് തുമ്പരത്തി എന്നിവർ തമ്മിലായിരുന്നു മത്സരം. സുരേഷ് തുമ്പരത്തിക്ക് 699 വോട്ടും ബിജു എം.ബി. മുണ്ടോലിക്ക് 430 വോട്ടും ലഭിച്ചു. കൂടുതൽ വോട്ടു ലഭിച്ച സുരേഷ് തുമ്പരത്തി വിജയിച്ചതായി പ്രഖ്യാപിച്ചു.

ജനറൽ വിഭാഗത്തിലേക്ക് 11 സ്ഥാനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ രാമാനന്ദൻ ചെറാകുളം, പ്രദീപ് എളന്തോളി, ജ്യോതി ലാൽ എളന്തോളി, പ്രകാശൻ കുരുമ്പംകണ്ടത്ത്, വിശ്വംഭരൻ മുക്കുളം, പ്രദീപ് കുമാർ ചോളിപറമ്പിൽ, സത്യൻ തറയിൽ, സജീവ് എലിഞ്ഞിക്കോടൻ, സിബിൻ കൂനാക്കംപിള്ളി, വിജു കൊറ്റിക്കൽ, സോമസുന്ദരൻ കൊളത്തുപറമ്പിൽ, അജയൻ ടി.വി. തേറാട്ടിൽ, ബാലൻ എ.എ. അമ്പാടത്ത്, ബാലൻ പി.കെ. പെരിങ്ങത്തറ, മുരളി എ.പി. അനന്ദത്തുപറമ്പിൽ, മോഹനൻ എം.കെ. മടത്തിക്കര, മോഹൻലാൽ കെ.സി. കണ്ണാകുളം, രാജൻ എം.കെ. മണക്കുന്നത്ത്, ലിജി മനോജ് പൊതുമ്പുചിറക്കൽ, വിശ്വനാഥൻ പി.കെ. പടിഞ്ഞാറൂട്ട്, സോണിയഗിരി ചക്കാമഠത്തിൽ എന്നിവർ മത്സരിച്ചു.

| | | | |
|---|---|---|---|
| 1 | രാമാനന്ദൻ ചെറാക്കുളം | 746 | വോട്ട് |
| 2 | പ്രദീപ് എളന്തോളി | 720 | ” |
| 3 | ജ്യോതിലാൽ എളന്തോളി | 712 | ” |
| 4 | പ്രകാശൻ കുരുമ്പംകണ്ടത്ത് | 699 | ” |
| 5 | വിശ്വംഭരൻ മുക്കുളം | 690 | ” |
| 6 | പ്രദീപ്കുമാർ ചോളിപറമ്പിൽ | 686 | ” |
| 7 | സത്യൻ തറയിൽ | 681 | ” |
| 8 | സജീവ് എലിഞ്ഞിക്കോടൻ | 681 | ” |
| 9 | സിബിൻ കൂനാക്കംപ്പിള്ളി | 679 | ” |
| 10 | വിജു കൊറ്റിക്കൽ | 660 | ” |
| 11 | സോമസുന്ദരൻ കൊളത്തുപറമ്പിൽ | 658 | ” |
| 12 | ബാലൻ എ.എ. അമ്പാടത്ത് | 499 | ” |
| 13 | മുരളി എ.പി. അനന്ദത്തുപറമ്പിൽ | 499 | ” |
| 14 | സോണിയഗിരി ചക്കാമഠത്തിൽ | 497 | ” |
| 15 | അജയൻ ടി.വി. തേറാട്ടിൽ | 491 | ” |
| 16 | രാജൻ എം.കെ. മണക്കുന്നത്ത് | 487 | ” |
| 17 | മോഹനൻ എം.കെ. മടത്തിക്കര | 468 | ” |
| 18 | മോഹൻലാൽ കെ.സി. കണ്ണാംകുളം | 465 | ” |
| 19 | വിശ്വനാഥൻ പി.കെ. പടിഞ്ഞാറൂട്ട് | 457 | ” |
| 20 | ബാലൻ പി.കെ. പെരിങ്ങത്തറ | 442 | ” |
| 21 | ലിജി മനോജ് പൊതുമ്പുചിറക്കൽ | 440 | ” |

എന്നിങ്ങനെ വോട്ടുകൾ ലഭിച്ചു. കൂടുതൽ വോട്ടുകൾ ലഭിച്ച രാമാനന്ദൻ ചെറാക്കുളം, പ്രദീപ് എളന്തോളി, ജ്യോതിലാൽ എളന്തോളി, പ്രകാശൻ കുരുമ്പംകണ്ടത്ത്, വിശ്വംഭരൻ മുക്കുളം, പ്രദീപ് കുമാർ ചോളിപറമ്പിൽ, സത്യൻ തറയിൽ, സജീവ് എലിഞ്ഞിക്കോടൻ, സിബിൻ കൂനാക്കംപിള്ളി, വിജു കൊറ്റിക്കൽ, സോമസുന്ദരൻ കൊളത്തുപറമ്പിൽ എന്നിവരെ യഥാക്രമം ജനറൽ വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിങ്ങ് ഓഫീസർ പ്രഖ്യാപിച്ചു.

## കുറികൾ

സമാജത്തിന്റെ പ്രധാന വരുമാന സ്രോതസ് കുറികളിൽ നിന്നുള്ള വരുമാനമാണ്. ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് കുറികൾ ആരംഭിക്കുന്നതിന് നിയമം തടസ്സമായതിനാൽ പുതിയ കുറികൾ ആരംഭിക്കുന്നതിന് ഏറെ നാളുകളായി നമുക്ക് കഴിഞ്ഞിരുന്നില്ലല്ലോ. ഇപ്പോൾ സമാജത്തിൽ 6 കുറികളാണ് നിലവിലുള്ളത്. സമാജത്തിന് പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുക എന്ന പ്രക്രിയ അനിവാര്യമായിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് സമാജത്തിന്റെ സുഗമമായ പ്രവർത്തനത്തിനും പുരോഗതിക്കും വരുമാനം കണ്ടെത്തുക എന്നത് ഏറെ വെല്ലുവിളി ഉയർത്തിയ കാര്യമാണ്. നമ്മുടെ സമാജത്തിന് പുറമേ നിന്നോ മറ്റ് സ്രോതസുകളിൽ നിന്നോ ധനാഗമനം ഇല്ല എന്ന വസ്തുത ബഹുമാന്യരായ സമാജം അംഗങ്ങൾക്ക് അറിയാവുന്ന വസ്തുതകളാണ്. സമാജത്തിന് പുതിയ ധനാഗമന മാർഗ്ഗം ഇനിയും കണ്ടെത്തേണ്ടതുണ്ട് .

## അംഗങ്ങൾ

സമാജത്തിൽ ആകെ 2535 അംഗങ്ങളാണ് ഉള്ളത്. അതിൽ – 14 അംഗങ്ങൾ നമ്മെ വിട്ടു പിരിഞ്ഞു പോയി.

## ക്ഷേത്രഭരണം

ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി തന്നെ നടന്നുവരുന്നുണ്ട്. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻ വർഷങ്ങളേക്കാൾ വളരെയധികം വർദ്ധിച്ചു വന്നിട്ടുണ്ടെന്ന് അംഗങ്ങളെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും ഭഗവതി സേവയിലും ഔഷധ കഞ്ഞി വിതരണത്തിലും ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യം ഏറെ ചാരിതാർത്ഥ്യം ഉളവാക്കുന്നു. കർക്കിടക മാസത്തിലെ വാവുബലി, കന്നിമാസത്തിലെ നവരാത്രി മഹോത്സവം മണ്ഡലപൂജ മഹോത്സവം, ദേശവിളക്ക്, ദീപാവലി, നാഗക്കളം, പൂമൂടൽ, തൃക്കാർത്തിക, പൊങ്കാല തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഭക്തജനങ്ങളുടെ നിറസാന്നിധ്യത്തോടെ ഭംഗിയായി നടത്തുവാൻ സാധിച്ചു. 2017 നവംബർ 22 (വൃശ്ചികം 7) ബുധനാഴ്ച ദേശവിളക്ക് മഹോത്സവം ഭംഗിയായി നടത്തിയ ദേശവിളക്ക് കമ്മിറ്റിക്ക് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിക്കട്ടെ.

2018 ജനുവരി 30 –ാം തിയ്യതി പുണർതം നാളിൽ പ്രതിഷ്ഠാദിനം വളരെ ഭംഗിയായി ആഘോഷിച്ചു. ശ്രീനാരായണ ധർമ്മ സംഘത്തിന്റെ നവതി ആഘോഷത്തിന്റെ ഭാഗമായി ധർമ്മസംഘം ട്രസ്റ്റ് പ്രസിഡണ്ട് ബ്രഹ്മശ്രീ വിശുദ്ധാനന്ദ സ്വാമികളുടെ മുഖ്യ കാർമ്മികത്വത്തിൽ കുർക്കഞ്ചേരി ശ്രീ മഹേശ്വരക്ഷേത്രത്തിൽ 2018 ജനുവരി 9ന് ചൊവ്വാഴ്ച വിശ്വശാന്തി യജ്ഞവും മഹാഗുരുപൂജയും ധർമ്മസംഘങ്ങളായിട്ടുള്ള സന്യാസിവര്യന്മാരുടെ സംഗമവും നടക്കുകയുണ്ടായി. പ്രസ്തുത സംഗമത്തിലേക്ക് ശ്രീ ബോധാനന്ദ സ്വാമികളുടെ ഛായാചിത്രം സമാജം ക്ഷേത്രാങ്കണത്തിൽ നിന്നാണ് ഘോഷയാത്രയായി വഹിച്ചു കൊണ്ടുപോയതെന്ന് നന്ദിപൂർവ്വം സ്മരിക്കട്ടെ.

## മാതൃസംഘം

തികച്ചും മാതൃകാപരമായി തന്നെയാണ് ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനമെന്ന് പറ

യുന്നതിൽ ഏറെ സന്തോഷമുണ്ട്. ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ല നിലയിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്ന മാതൃസംഘത്തിന്റെ എല്ലാ സഹോദരിമാരോടും സമാജം കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തട്ടെ. വിശേഷാൽ ദിവസങ്ങളിൽ മാതൃസംഘം പ്രവർത്തകരുടെ സാന്നിദ്ധ്യം ക്ഷേത്രത്തിന് ഏറെ ഗുണകരമായി അനുഭവപ്പെടുന്നുണ്ട്. ഭക്തജനങ്ങളുടെ വർദ്ധനവ് ക്ഷേത്രത്തിലെ നടവരവിലൂടെയും പൂജാദികർമ്മങ്ങളിലൂടെയും ഏവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ള വസ്തുതകളാണ്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന മാതൃസംഘത്തിന്റെ എല്ലാവിധ നല്ല പ്രവർത്തനങ്ങൾക്കും സമാജത്തിന്റെ എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

## ഗുരുമന്ദിരം

ശ്രീ പോളശ്ശേരി സുധാകരൻ അവർകൾ സമാജത്തിന് സമർപ്പിച്ച ഗുരുമന്ദിരത്തിൽ എല്ലാ മാസത്തിലേയും ചതയദിനത്തിൽ പ്രത്യേക പൂജയും സർവ്വൈശ്വര്യപൂജയും സമൂഹ പ്രാർത്ഥനയും ഗുരുദേവ പ്രഭാഷണവും അതിനുശേഷം പ്രസാദ ഊട്ടും നടത്തിവരുന്നു. ചതയദിന ഗുരുപൂജയും പ്രസാദഊട്ടും നടത്തിവരുന്നു. ചതയദിന ഗുരുപൂജയും പ്രസാദ ഊട്ടും വഴിപാടായി നടത്തുവാൻ സമാജം അംഗങ്ങൾ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

## നടപ്പന്തൽ

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണയ്ക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്രസംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

## ശ്രീനാരായണഹാളും മിനി ശ്രീനാരായണഹാളും

രണ്ടുഹാളുകളും ഭംഗിയായും വൃത്തിയായും സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. മെയിൻ ഹാളിൽ കാലാനുസൃതമായ മാറ്റം വരുത്തി ഭംഗിയാക്കുന്നതിന്റെ ഭാഗമായി ശീതികരിക്കുവാൻ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് ചിലവാക്കുന്ന തുക സമാജത്തിൽ നിന്ന് തന്നെയാണ് എടുക്കുന്നത്.

## എസ്.എൻ.ബി.എസ്. സമാജം എൽ.പി. സ്ക്കൂൾ

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ.ബി.എസ്. സമാജം എൽ.പി. സ്ക്കൂൾ നല്ല രീതിയിൽ നടന്നു വരുന്നു. സമീപസ്ഥലങ്ങളിലെ പലസ്കൂളുകളും ഡിവിഷനുകൾ നഷ്ടപ്പെടുമ്പോൾ പ്രവർത്തന മികവിന്റെ ഫലമായി ഡിവിഷനുകൾ നഷ്ടപ്പെടാതെ ഉയർന്നു നിൽക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്ക്കൂളിന്റെ സുഗമമായ നടത്തിപ്പിന് സമാജത്തിന് വൻതുക സാമ്പത്തിക ചിലവുകൾ വരുന്നുണ്ട്. ഈ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികൂടിയായ ശ്രീ. കെ.പി. ദിവാകരൻ മാസ്റ്ററും കുടുംബാംഗങ്ങളും സ്ക്കൂളിലെ വിദ്യാർത്ഥികൾക്കായി രണ്ടു കമ്പ്യൂട്ടറുകൾ സംഭാവന നൽകിയ കാര്യം നന്ദിപൂർവ്വം സ്മരിക്കട്ടെ ഈ മാതൃക നമ്മുടെ അംഗങ്ങളും പിൻതുടരുമെന്ന് പ്രത്യാശിക്കട്ടെ. തിരഞ്ഞെടുപ്പിന് ശേഷം പുതിയ കമ്മിറ്റി ചാർജ്ജെടുത്ത് 15.07.2017ൽ ചേർന്ന കമ്മിറ്റിയിൽ വെച്ച് സമാജം വൈസ് പ്രസിഡന്റ് ശ്രീ. സി.ഡി.പ്രവികുമാറിനെ സമാജം സ്ക്കൂളിന്റെ മാനേജരായി ഐക്യകണ്ഠേന തെരഞ്ഞെടുത്തു. ഇതിന്റെ അംഗീകാരം ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ നിന്നും മുൻ മാനേജർ ശ്രീ. വിജയൻ ഇളയേടത്തിന്റെ പരാതിയെ തുടർന്ന് ലഭിക്കുകയുണ്ടായില്ല. അംഗീകാരം സംബന്ധിച്ച കേസ് ഇപ്പോൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. മാനേജരെ അംഗീകരിക്കാത്തതിനെ തുടർന്ന് സ്ക്കൂൾ ഗ്രാന്റും മറ്റ് അനുബന്ധകാര്യങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല.

## എസ്.എൻ.വൈ.എസ്. ലൈബ്രറി

ജില്ലയിലെ തന്നെ ഏറ്റവും നല്ല ലൈബ്രറികളിൽ ഒന്നാണ് എസ്.എൻ.വൈ.എസ്.ന്റെ കീഴിലുള്ള ഈ ലൈബ്രറി. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മിറ്റി നൽകിവരുന്നുണ്ട്. അഖില കേരള പ്രൊഫഷണൽ നാടകമത്സരം ഗംഭീരമാക്കുവാൻ എസ്.എൻ. വൈ.എസിന്റെ പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്.

## ശ്രീനാരായണജയന്തി

റിപ്പോർട്ട് വർഷത്തിലെ ജയന്തി ആഘോഷപരിപാടികൾ രാവിലെ സമാജം അങ്കണത്തിൽ പ്രസിഡണ്ട് ശ്രീ. എം.കെ. വിശ്വംഭരൻ മുക്കുളം പതാക ഉയർത്തിയതോടെ ആരംഭിച്ചു. എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയൻ എസ്.എൻ.വൈ.എസ്. ഇതര ശ്രീനാരായണ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സംയുക്തമായി അതിവിപുലമായി ഗുരു ജയന്തി ആഘോഷിച്ചു. വർണ്ണോജ്ജ്വലമായ ഘോഷയാത്ര, കുട്ടൻകുളം പരിസരത്തുനിന്ന് ആരംഭിച്ച് ഇരിങ്ങാലക്കുട പട്ടണത്തെ പ്രകമ്പനം കൊള്ളിച്ച് സമാജം അങ്കണത്തിൽ എത്തിച്ചേരുകയുണ്ടായി. ശ്രീ. സി.ആർ. കേശവൻ വൈദ്യരുടെ ജന്മദിന സ്മരണയ്ക്കായി ചന്ദ്രിക കുടുംബാംഗങ്ങൾ നടത്തിയ പ്രസാദ ഊട്ടിലും അനേകം ശ്രീനാരായണീയർ പങ്കെടുക്കുകയുണ്ടായി.

തുടർന്ന് സമാജം പ്രസിഡണ്ട് ശ്രീ. എം.കെ. വിശ്വംഭരൻ മുക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം പ്രൊഫ. കെ.യു. അരുണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയൻ പ്രസിഡണ്ട് ശ്രീ. സന്തോഷ് ചെറാക്കുളം ജയന്തി സന്ദേശം നൽകി. എസ്.എൻ.ഡി.പി.യോഗം മുകുന്ദപുരം യൂണിയൻ സെക്രട്ടറി പി.കെ. പ്രസന്നൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്തംഗം ടി.ജി. ശങ്കരനാരായണൻ, വാർഡ് കൗൺസിലർ ബിജു ലാസർ തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയുണ്ടായി.

സമാജം നടത്തിയ സാഹിത്യമത്സരത്തിലെ വിജയികൾക്കും എസ്.എൻ.വൈ.എസ്. സംഘടിപ്പിച്ച പൂക്കളമത്സരത്തിന്റേയും ചിത്രരചനാമത്സരത്തിന്റേയും വിജയികൾക്കുള്ള സമ്മാനദാനവും സമാജം മെമ്പർമാരുടെ മക്കളിൽ ഉയർന്ന മാർക്ക് വാങ്ങി വിജയിച്ചവർക്ക് നൽകി വരുന്ന ട്രോഫികളും, ക്യാഷ് അവാർഡ് വിതരണവും ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എ. മനോജ് കുമാർ നിർവ്വഹിക്കുകയുണ്ടായി.

ജയന്തി ആഘോഷ പരിപാടികൾ വൻവിജയമാക്കിത്തീർത്ത എല്ലാ ഗുരുദേവ ഭക്തർക്കും ശ്രീനാരായണ പ്രസ്ഥാനങ്ങൾക്കും, എസ്.എൻ.ഡി.പി. യോഗം മുകുന്ദപുരം യൂണിയനും, സമാജം മെമ്പർമാർക്കും, എസ്.എൻ.വൈ.എസ്. പ്രവർത്തകർക്കും നന്ദി പറയുന്നതോടൊപ്പം തുടർന്നും വരും കാലങ്ങളിലും എല്ലാവരുടെയും സാന്നിദ്ധ്യസഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## സമാധി ദിനാചരണം

ഗുരുസമാധി ദിനാചരണം സമുചിതമായി ആചരിച്ചു. ക്ഷേത്രം മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും അന്നദാനവും നടത്തി. അന്നേദിവസം നമ്മുടെ ശ്മശാന പരിസരം വൃത്തിയാക്കുകയും ചെയ്തു.

## ഷഷ്ഠി മഹോത്സവം

പ്രാദേശിക ആഘോഷക്കമ്മിറ്റികളുടെയും മറ്റ് സഹൃദയരുടെയും മാസങ്ങളോളം നീണ്ട്നിന്ന കഠിനപ്രയത്നത്തിന്റെ ഫലമായി ശ്രീവിശ്വനാഥപുരം ക്ഷേത്രത്തിലെ ഷഷ്ഠി മഹോത്സവം മധ്യകേരളത്തിലെ

മഹത്തായ ഒരു ഉത്സവമെന്ന പ്രശസ്തി നേടിയെടുത്തു. വൈകീട്ട് ക്ഷേത്രാങ്കണത്തിൽ നടന്ന പൂരം എഴുന്നള്ളിപ്പിന് പ്രശസ്ത മേളവിദഗ്ധൻ ചേരാനെല്ലൂർ ശങ്കരൻകുട്ടി മാരാരുടെ പ്രമാണത്തിൽ കലാമണ്ഡലം ശിവദാസ് & പാർട്ടി അവതരിപ്പിച്ച 60 പേരുടെ പാണ്ടിമേളം ആസ്വാദകർക്ക് ഹരമേകി. 9 ആനകളെ അണിനിരത്തിയ കാഴ്ചശീവേലി ചിലവുകൾചുരുക്കികൊണ്ടുതന്നെ മനോഹരമാക്കുന്നതിനും കഴിഞ്ഞു. പൂരം നടത്തിപ്പിന് ആനകൾക്ക് വേണ്ടി വരുന്ന ചെലവിലേക്ക് ടൗൺ പടിഞ്ഞാട്ടുമുറി, പുല്ലൂർ, കോമ്പാറ എന്നീ വിഭാഗക്കാർ ഓരോരുത്തരും 50,000 രൂപ വീതം സമാജത്തിൽ ഏൽപ്പിച്ചിരുന്നു. 2017 ജനുവരി 17ന് നടന്ന കൊടികയറ്റൽ കർമ്മം ക്ഷേത്രം തന്ത്രി ശ്രീ. പറവൂർ രാഗേഷ് തന്ത്രി നിർവ്വഹിക്കുണ്ടായി. എസ്.എൻ.വൈ.എസ്.ന്റെ അഖിലകേരള നാടകമത്സരം സുപ്രസിദ്ധ സിനിമാതാരം ലയോണ ലിഷോയ് ഉദ്ഘാടനം ചെയ്തു. ടി. സമ്മേളനത്തിൽ സമാജം പ്രസിഡണ്ട് ശ്രീ. വിശ്വംഭരൻ മുക്കുളം അദ്ധ്യക്ഷനായി.

ഷഷ്ഠിമഹോത്സവത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ഭക്തജനങ്ങളുടേയും, സ്ഥാപനങ്ങളുടെയും സഹായസഹകരണത്തോടെ എസ്.എൻ.ബി.എസ്. സമാജം തയ്യാറാക്കിയ ഒരു പ്രോഗ്രാം ബുക്ക് പത്ര സമ്മേളനത്തിൽ വെച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

ഷഷ്ഠിയുടെ തലേദിവസം പള്ളിവേട്ടയ്ക്കുമുമ്പായി നാടകമത്സരത്തിന്റെ സമാപനസമ്മേളനം ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എ. മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിൽ സമാജം വൈസ് പ്രസിഡണ്ട് ശ്രീ. പ്രവികുമാർ അദ്ധ്യക്ഷനായിരുന്നു. കൂടൽമാണിക്യം ദേവസ്വം പ്രസിഡണ്ട് ശ്രീ. യു.പ്രദീപ് മേനോൻ നാടകമത്സരത്തിലെ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. പുല്ലൂർ എസ്.എൻ.ഡി.പി.ശാഖയുടെ നേതൃത്വത്തിൽ തിരുവാതിരക്കളിയും, നൃത്തസന്ധ്യയും, വിശ്വനാഥപുരം ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ തിരുവാതിരക്കളിയും ഉണ്ടായിരുന്നു. പുല്ലൂർ എസ്.എൻ.ഡി.പി ശാഖയിലെ പ്രവർത്തകർക്കും, വിശ്വനാഥപുരം ക്ഷേത്രത്തിലെ മാതൃസംഘത്തിലെ പ്രവർത്തകർക്കും പ്രത്യേക അഭിനന്ദനം അറിയിക്കുന്നു. 22.01.2018ന് വൈകീട്ട് രാജേഷ് തംബുരു, അജി ചാലക്കുടിയും അവതരിപ്പിച്ച പാട്ടും പിന്നെ നേരമ്പോക്കും ശ്രദ്ധേയമായിരുന്നു.

ഷഷ്ഠിദിവസം രാത്രിയിൽ കൊല്ലം ഭരതമിത്രയുടെ ബ്രഹ്മർഷി വിശ്വാമിത്രൻ എന്ന ബാലെ അരങ്ങേറി. വെബ്സൈറ്റിലൂടെ പ്രവാസി മലയാളികൾക്കും ഷഷ്ഠി മഹോത്സവം കണ്ട് ആസ്വദിക്കാൻ സൗകര്യമുണ്ടാക്കിതന്ന ദൃശ്യമാദ്ധ്യമ പ്രവർത്തകരോടും പത്ര പ്രവർത്തകരോടും ഷഷ്ഠി മഹോത്സവം ഭംഗിയാക്കുവാൻ സഹകരിച്ച പ്രാദേശിക ആഘോഷകമ്മിറ്റിക്കാരോടും സ്പോൺസർ ചെയ്ത ഭക്തജനങ്ങളോടും, സ്ഥാപനങ്ങളോടും, എല്ലാ സുഹൃദ് ജനങ്ങളോടും എസ്.എൻ.ബി.എസ്. മെമ്പർമാർ, സമാജം സ്റ്റാഫ്, ഇരിങ്ങാലക്കുട പോലീസ് ഉദ്യോഗസ്ഥർ, എസ്.എൻ.വൈ.എസ്. ഇതര സഹോദര സംഘടനകളോടും പ്രത്യേകം നന്ദി പറയുന്നതോടൊപ്പം വരും വർഷങ്ങളിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഷഷ്ഠിയോടനുബന്ധിച്ച് അഹോരാത്രം പണിയെടുത്ത് മനോഹരമാക്കാൻ ശ്രമിച്ച വ്യക്തികളോടും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

ഈ വർഷത്തെ ഏറ്റവും നല്ല സെറ്റിനുള്ള യു.എ.ഇ. അനുഭാവികൾ സ്പോൺസർ ചെയ്ത സിൽവർ ട്രോഫിയും സമാജത്തിന്റെ വക 3001രൂപ ക്യാഷ് അവാർഡും ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും, രണ്ടാം സമ്മാനമായ പാറമ്മേക്കാട്ടിൽ മാണിക്യൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും. 2001 രൂപ ക്യാഷ് അവാർഡും പുല്ലൂർ വിഭാഗത്തിനുമാണ് ലഭിച്ചത്. നല്ല അച്ചടക്കത്തിനുള്ള വള്ളുപറമ്പിൽ വിശ്വംഭരൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 1501 രൂപ ക്യാഷ് അവാർഡും കോമ്പാറ വിഭാഗത്തിനും ഏറ്റവും നല്ല പൂക്കാവടികൾക്കുള്ള തറയിൽ ബാലൻ മകൻ സന്തോഷിന്റെ സ്മരണയ്ക്കുള്ള എവർറോളിംഗ് ട്രോഫിയും 3001 രൂപ ക്യാഷ് അവാർഡും ടൗൺ വിഭാഗത്തിനുമാണ് ലഭിച്ചത്.

## ചാരിറ്റി

സമാജത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ ചികിത്സാസഹായങ്ങളും, നമ്മുടെ സ്ക്കൂളിന്റെ കുട്ടികൾക്ക് സ്ക്കൂളിൽ പോകുന്നതിന് സൗജന്യമായി വാഹനസൗകര്യവും അനുവദിച്ചിട്ടുണ്ട്. ഏറെ പ്രതീക്ഷയോടെയായിരുന്നു ഗുരുദേവ കൗൺസിലിങ്ങ് സെന്റർ പ്രവർത്തനം ആരംഭിച്ചത്.പ്രവർത്തനത്തിന് ആവശ്യമയ ഗ്രാന്റ് സർക്കാരിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. കൗൺസിലിങ്ങ് സെന്ററിന്റെ അംഗീകാരത്തിനും ഗ്രാന്റിനും വേണ്ടി അപേക്ഷിച്ചുവെങ്കിലും ഒരു നടപടിയും സർക്കാർ ഭാഗത്തുനിന്നുമുണ്ടായില്ല. മാത്രമല്ല നല്ലൊരു തുക സമാജത്തിൽ നിന്ന് ചിലവായിട്ടുണ്ട്. എന്നാൽ ഏകദേശം ഒരുവർഷം മുമ്പ് കൗൺസിലിങ്ങ് സെന്ററിന്റെ ചുമതലയുണ്ടായിരുന്നവർ വരാതിക്കുകയും അങ്ങനെ ഗുരുദേവ കൗൺസിലിങ്ങ് സെന്ററിന്റെ പ്രവർത്തനം നിലച്ചുപോവുകയുമായിരുന്നു.

## ശ്മശാനം

ശ്മശാന നിർമ്മാണം ഏതാണ്ട് പൂർത്തിയായി. എസ്.എൻ.ബി.എസ്. സമാജം, എസ്.എൻ.വൈ.എസ്., പ്രദേശീക ഷഷഠി ആഘോഷകമ്മിറ്റിക്കാർ എന്നിവരുടെ സംയുക്ത മീറ്റിങ്ങിലെ തീരുമാനപ്രകാരം 75000 രുപ വീതം ടൗൺ, കോമ്പാറ എന്നീ പ്രാദേശീക ഷഷഠി ആഘോഷ കമ്മിറ്റിക്കാർ സമാജത്തിൽ ശ്മശാനഫണ്ടിലേക്ക് അടച്ച് വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. പുല്ലൂർ വിഭാഗവും (75000 രുപ) തുറവൻകാട് വിഭാഗവും (25000 രൂപ) ഇനിയും സമാജത്തിൽ ഒന്നും അടച്ചിട്ടില്ല. സമാജം മെമ്പർമാരിൽ നിന്നും എസ്.എൻ.ഡി.പി. ശാഖായോഗങ്ങളിൽനിന്നും വിചാരിച്ചത്ര സംഭാവനകൾ സ്വരൂപിക്കാൻ സാധിച്ചിട്ടില്ല. ഇനിയും സംഭാവനകൾ തരാത്ത മെമ്പർമാരും ശാഖയോഗങ്ങളും സംഭാവനകൾ നൽകി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്മശാനനിർമ്മാണത്തിന് ടി.ഏക്കൗണ്ടിൽ തികയാതെ വരുന്ന സംഖ്യ സമാജം ഏക്കൗണ്ടിൽ നിന്നാണ് ഏടുത്തുകൊണ്ടിരിക്കുന്നത്. ശ്മശാനനിർമ്മാണവുമായി ബന്ധപ്പെട്ടുപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ ഭാരവാഹികൾക്കും, ശാഖയോഗം ഭാരവാഹികൾക്കും, ശ്മശാന നവീകരണ കമ്മിറ്റി അംഗങ്ങൾക്കും നന്ദി അറിയിച്ചു കൊള്ളുന്നു.

## മറ്റ് കാര്യങ്ങൾ

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും, സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും, യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും, കണക്കുകൾ കൃത്യസമയത്ത് പരിശോധിച്ച് ഓഡിറ്റ് ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ ഇന്റേണൽ ഓഡിറ്റേഴ്സിനോടും, ചാർട്ടേഡ് അക്കൗണ്ടന്റിനോടും ശ്രീനാരായണ യുവജനസമിതി പ്രവർത്തകരോടും, പ്രാദേശിക ഉത്സവാഘോഷ കമ്മിറ്റി ഭാരവാഹികളോടും ക്ഷേത്രം ശാന്തിമാരോടും, പത്ര,ദൃശ്യമാധ്യമപ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊണ്ടും ഈ പ്രവർത്തന റിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കട്ടെ.

എന്ന്,

ഇരിങ്ങാലക്കുട — സെക്രട്ടറി (ഒപ്പ്)

11- 07 - 2018 — **രാമാനന്ദൻ ചെറാക്കുളം**

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2017–18ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 339775 | 50 | ഹാളിൽ നിന്നും വരവ് | 1629500 | 00 |
| പൂജ | 504292 | 00 | നടവരവ് | 256992 | 00 |
| ഷഷ്ഠി | 956234 | 00 | ഭണ്ഡാരം വരവ് | 312506 | 00 |
| ജയന്തി, സമാധി | 143353 | 00 | സംഭാവന | 72391 | 00 |
| പറമ്പു സംരക്ഷണം | 67565 | 00 | വിവാഹ സംഭാവന | 32902 | 00 |
| റിപ്പയേഴ്സ്& മെയിന്റനൻസ് | 459839 | 00 | വാടക | 75000 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 3185 | 00 | പലിശ | 4142 | 00 |
| നികുതി | 11712 | 00 | ഷഷ്ഠി | 715325 | 00 |
| പൊതുയോഗം | 73175 | 00 | പൂജ | 466220 | 00 |
| പലവക | 4820 | 00 | മെമ്പർഷിപ്പ് ഫീസ് | 511 | 50 |
| ശ്മശാനം | 24640 | 00 | പറമ്പാദായം | 7500 | 00 |
| ചാരിറ്റി | 145300 | 00 | | | |
| ലൈബ്രറി | 76751 | 00 | | | |
| സ്പോർട്സ് | 11000 | 00 | | | |
| ഇൻഷുറൻസ് | 10161 | 00 | | | |
| വിദ്യാഭ്യാസ ചിലവുകൾ | 69080 | 00 | | | |
| ലൈസൻസ് ഫീസ് | 1500 | 00 | | | |
| വാൻ ചാർജ്ജ് | 118302 | 00 | | | |
| സ്വീകരണം | 1053 | 00 | | | |
| കേസ് | 89800 | 00 | | | |
| തിരഞ്ഞെടുപ്പ് | 46265 | 00 | | | |
| തേയ്മാനം | 209020 | 51 | | | |
| നീക്കിയിരിപ്പ് | 206166 | 49 | | | |
| ആകെ | **3572989** | **50** | ആകെ | **3572989** | **50** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട ക്ഷേത്രഭരണം
## 31.03.2018ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 9601368 | 72 | വസ്തുവഹകൾ, ബിൽഡിംഗ് | | |
| കുറി A/C | 913874 | 00 | മുതലായവ | 6285616 | 28 |
| മാതൃസംഗമം | 46391 | 00 | ഡെപ്പോസിറ്റ്; ഇരിങ്ങാലക്കുട സർവ്വീസ് | | |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 710000 | 00 | കോ-ഓപ്പറേറ്റീവ് ബാങ്ക് | 136711 | 00 |
| വിവാഹ വാർഷിക ദമ്പതി പൂജ | 111108 | 00 | " തൃശ്ശൂർ അഗ്രികൾച്ചറൽ & നോൺ | | |
| ജന്മനക്ഷത്ര പൂജ ഫണ്ട് | 2002 | 00 | അഗ്രിക്കൾച്ചർ കോഓപ്പറേറ്റീവ് ബാങ്ക് | 48070 | 00 |
| | | | ശ്മശാന നവീകരണ കമ്മിറ്റി | 710000 | 00 |
| | | | അഡ്വാൻസ് SNBS സമാജം | | |
| | | | എൽ.പി സ്കൂൾ | 4052372 | 00 |
| | | | ബാങ്ക് ബാലൻസ് | 90503 | 39 |
| | | | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 50790 | 00 |
| | | | കയ്യിരിപ്പ് | 10681 | 08 |
| ആകെ | **11384743** | **75** | ആകെ | **11384743** | **75** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട
## കുറി 2017–18ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 1105843 | 00 | പലിശ | 1597268 | 00 |
| പ്രിന്റിംഗ്, സ്റ്റേഷനറി | 36369 | 00 | കമ്മീഷൻ | 718358 | 50 |
| ശമ്പളം, അലവൻസ് | 512692 | 00 | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 297502 | 00 |
| വാടക | 60000 | 00 | | | |
| കറന്റ് ചാർജ്ജ് | 3323 | 00 | | | |
| ടെലഫോൺ ചാർജ്ജ് | 13808 | 00 | | | |
| ബാങ്ക് ചാർജ്ജ് | 980 | 20 | | | |
| പ്രൊഫഷണൽ ടാക്സ് | 3700 | 00 | | | |
| യാത്രാ ചിലവ് | 197079 | 00 | | | |
| പോസ്റ്റേജ് | 2849 | 00 | | | |
| പലവക | 11520 | 00 | | | |
| കുറി+കമ്മിറ്റി ചിലവ് | 46620 | 00 | | | |
| പരസ്യം | 4000 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 247200 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർ | 84516 | 00 | | | |
| ബോണസ്സ് | 56832 | 00 | | | |
| ഫെസ്റ്റിവൽ അലവൻസ് | 25431 | 00 | | | |
| ലൈബ്രറി | 4566 | 00 | | | |
| ഓഡിറ്റ് ഫീസ് | 22000 | 00 | | | |
| പ്രോവിഡന്റ് ഫണ്ട് | 40410 | 00 | | | |
| റിപ്പയേഴ്സ് | 9900 | 00 | | | |
| ലിറ്റിഗേഷൻ ചാർജ്ജ് | 4180 | 00 | | | |
| പ്രൊഫഷണൽചാർജ്ജ് | 7500 | 00 | | | |
| തേയ്മാനം | 35845 | 96 | | | |
| സംഭാവന | 5000 | 00 | | | |
| നീക്കിയിരിപ്പ് | 67964 | 34 | | | |
| ആകെ | **2613128** | **50** | ആകെ | **2613128** | **50** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട കുറി
# 31.03.2018 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1720259 | 89 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 232641 | 68 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 913874 | 03 |
| വിദ്യാഭ്യാസ ഫണ്ട് | 20477 | 00 | സമാജം കുറികൾ | 1269626 | 00 |
| എൻഡോവ്മെന്റ് (പി.എ. മാണിക്യൻ) | 23672 | 00 | റന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 5004 | 00 | എൻഡോവ്മെന്റ് | 28673 | 00 |
| ഡെയ്‌ലി കളക്ഷൻ | 170854 | 12 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| കുറി A/C | 5889738 | 69 | ഇൻകം ടാക്സ് പിടിച്ചത് | 833641 | 53 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 399011 | 00 | ബാങ്ക് ഡെപ്പോസിറ്റ്സ് | 12632432 | 00 |
| കുറി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10362942 | 05 | ബാങ്ക് ബാലൻസ് | 2694171 | 97 |
| | | | അഡ്വാൻസ് | 7500 | 00 |
| | | | കയ്യിരിപ്പ് | 5735 | 16 |
| ആകെ | **18639195** | **37** | ആകെ | **18639195** | **37** |

# കുറി ബഡ്ജറ്റ് 2018–2019

## വരവ്

| | ഇനവിവരം | 2017–18 ലേക്ക് പ്രതീക്ഷിച്ചത് | 2017–18 ലെ അസ്സൽ വരവ് | 2018–19 ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | കമ്മീഷൻ | 1000000.00 | 718358.50 | 700000.00 |
| 2. | പലിശ | 1300000.00 | 1597268.00 | 1300000.00 |
| 3. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 1000000.00 | 297502.00 | 1000000.00 |
| | **ആകെ** | **3300000.00** | **2613128.50** | **3000000.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | പലിശ | 1200000.00 | 1105843.00 | 1100000.00 |
| 2. | ശമ്പളം, അലവൻസ് | 600000.00 | 512692.00 | 600000.00 |
| 3. | വാടക | 60000.00 | 60000.00 | 60000.00 |
| 4. | പ്രിന്റിംഗ്, സ്റ്റേഷനറി | 50000.00 | 39369.00 | 50000.00 |
| 5. | കറന്റ് ചാർജ്ജ് | 20000.00 | 3323.00 | 10000.00 |
| 6. | ടെലഫോൺ ചാർജ്ജ് | 25000.00 | 13808.00 | 25000.00 |
| 7. | ബാങ്ക് ചാർജ്ജ് | 10000.00 | 980.20 | 10000.00 |
| 8. | പ്രൊഫഷണൽ ടാക്സ് | 10000.00 | 3700.00 | 10000.00 |
| 9. | യാത്രാ ചിലവ് | 200000.00 | 197079.00 | 200000.00 |
| 10. | പോസ്റ്റേജ് | 20000.00 | 2849.00 | 10000.00 |
| 11. | പലവക | 25000.00 | 11520.00 | 25000.00 |
| 12. | കുറി, കമ്മിറ്റി ചിലവ് | 100000.00 | 46620.00 | 100000.00 |
| 13. | പരസ്യം | 200000.00 | 4000.00 | 10000.00 |
| 14. | സ്വീപ്പിംഗ് | 250000.00 | 247200.00 | 300000.00 |
| 15. | ലിറ്റിഗേഷൻ ചാർജ്ജ് | 10000.00 | 4180.00 | 10000.00 |
| 16. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർ | 100000.00 | 84516.00 | 100000.00 |
| 17. | ബോണസ്സ് | 90000.00 | 56832.00 | 90000.00 |
| 18. | ഫെസ്റ്റിവൽ അലവൻസ് | 40000.00 | 25431.00 | 40000.00 |
| 19. | പ്രൊഫഷണൽ ചാർജ്ജ് | 25000.00 | 7500.00 | 25000.00 |
| 20. | സംഭാവന | 10000.00 | 5000.00 | 10000.00 |
| 21. | ലൈബ്രറി | 10000.00 | 4566.00 | 10000.00 |
| 22. | ഓഡിറ്റ് ഫീസ് | 35000.00 | 22000.00 | 35000.00 |
| 23. | പ്രോവിഡന്റ് ഫണ്ട് | 60000.00 | 40410.00 | 60000.00 |
| 24. | റിപ്പയേഴ്സ് | 35000.00 | 9900.00 | 35000.00 |
| 25. | തേയ്മാനം | 50000.00 | 35845.96 | 50000.00 |
| 26. | നീക്കിയിരിപ്പ് | 65000.00 | 67964.34 | 25000.00 |
| | **ആകെ** | **3300000.00** | **2613128.50** | **3000000.00** |

# ക്ഷേത്രഭരണം ബഡ്ജറ്റ് 2018–19

## വരവ്

| | ഇനവിവരം | 2017-18 ലേക്ക് പ്രതീക്ഷിച്ചത് | 2017-18 ലെ അസ്സൽ വരവ് | 2018-19 ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | ഹാളിൽനിന്നും വരവ് | 1800000.00 | 1629500.00 | 2000000.00 |
| 2. | നടവരവ് | 300000.00 | 256992.00 | 250000.00 |
| 3. | ഭണ്ഡാരം വരവ് | 400000.00 | 312506.00 | 300000.00 |
| 4. | സംഭാവന | 200000.00 | 72391.00 | 100000.00 |
| 5. | വിവാഹ സംഭാവന | 50000.00 | 32902.00 | 50000.00 |
| 6. | പറമ്പാദായം | 35000.00 | 7500.00 | 35000.00 |
| 7. | വാടക | 60000.00 | 75000.00 | 120000.00 |
| 8. | പലിശ | 10000.00 | 4142.00 | 5000.00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500.00 | 511.50 | 1500.00 |
| 10. | ഷഷ്ഠി | 800000.00 | 715325.00 | 800000.00 |
| 11. | പൂജ | 700000.00 | 466220.00 | 700000.00 |
| | **ആകെ** | **4356500.00** | **3572989.50** | **4361500.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | ഹാൾ ചിലവ് | 350000.00 | 339775.50 | 400000.00 |
| 2. | പൂജ | 600000.00 | 504292.00 | 600000.00 |
| 3. | ഷഷ്ഠി | 1100000.00 | 956234.00 | 1100000.00 |
| 4. | ജയന്തി, സമാധി | 200000.00 | 143353.00 | 200000.00 |
| 5. | പറമ്പു സംരക്ഷണം | 75000.00 | 67565.00 | 75000.00 |
| 6. | റിപ്പയറിംഗ്, മെയിന്റനൻസ് | 1000000.00 | 459839.00 | 800000.00 |
| 7. | പ്രിന്റിംഗ്, സ്റ്റേഷനറി | 10000.00 | 3185.00 | 10000.00 |
| 8. | നികുതി | 20000.00 | 11711.00 | 20000.00 |
| 9. | സ്വീകരണം | 10000.00 | 1053.00 | 10000.00 |
| 10. | പൊതുയോഗം | 60000.00 | 73175.00 | 75000.00 |
| 11. | തിരഞ്ഞെടുപ്പ് | 60000.00 | 46265.00 | - |
| 12. | പലവക | 10000.00 | 4820.00 | 10000.00 |
| 13. | ശ്മശാനം | 75000.00 | 24640.00 | 50000.00 |
| 14. | ചാരിറ്റി | 170000.00 | 145300.00 | 170000.00 |
| 15. | ലൈബ്രറി | 80000.00 | 76751.00 | 80000.00 |
| 16. | സ്പോർട്സ് | 20000.00 | 11000.00 | 20000.00 |
| 17. | ഇൻഷുറൻസ് | 20000.00 | 10161.00 | 20000.00 |
| 18. | വിദ്യാഭ്യാസ ചെലവുകൾ | 20000.00 | 69080.00 | 200000.00 |
| 19. | ലൈസൻസ് ഫീസ് | 10000.00 | 1500.00 | 10000.00 |
| 20. | വാൻ ചാർജ്ജ് | 175000.00 | 118302.00 | - |
| 21. | തേയ്മാനം | 200000.00 | 209020.51 | 220000.00 |
| 22. | കേസ് | 25000.00 | 89800.00 | 50000.00 |
| 23. | നീക്കിയിരിപ്പ് | 66500.00 | 206166.49 | 241500.00 |
| | ആകെ | 4356500.00 | 3572989.50 | 4361500.00 |

# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2017–18

| | ഇനവിവരം | 2017-18 ലേക്ക് പ്രതീക്ഷിച്ചത് | 2017-18 ലെ അസ്സൽ ചെലവ് | 2017-18 ലെ അധിക ചെലവ് |
|---|---|---|---|---|
| 1. | പൊതുയോഗം | 60000.00 | 73175.00 | 13175.00 |
| | വിദ്യാഭ്യാസ ചെലവുകൾ | 20000.00 | 69080.00 | 49080.00 |
| | തേയ്മാനം | 200000.00 | 209020.46 | 9020.46 |
| | കേസ്സ് | 25000.00 | 89800.00 | 64800.00 |
| | **ആകെ** | **305000.00** | **441075.46** | **136075.46** |